79

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 MARCH 2025



## നിക്ഷേപകരെ ഉയരെ കേരളം

INVEST KERALA GLOBAL SUMMIT
FEB 21-22, 2025 | KOCHI

### ചരിത്രമായി നിക്ഷേപക സംഗമം; 374 കമ്പനികളിൽ നിന്നായി ഒന്നര ലക്ഷത്തിലേറെ കോടിയുടെ നിക്ഷേപ വാഗ്ദാനം

1.52 ലക്ഷം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ; 2 ദിവസത്തിനുള്ളിൽ നിക്ഷേപ സന്നദ്ധത അറിയിച്ച് താൽപ്പര്യപത്രം ഒപ്പിട്ടത് 374 കമ്പനികൾ; 1000 കോടി രൂപക്കു മുകളിൽ നിക്ഷേപം പ്രഖ്യാപിച്ചത് 26 കമ്പനികൾ; സമാപനച്ചടങ്ങിൽ താൽപ്പര്യപത്രം കൈമാറിയത് 66 കമ്പനികൾ.

സംസ്ഥാനത്തേക്ക് ഒന്നരലക്ഷം കോടിയിലേറെ രൂപയുടെ വ്യവസായനിക്ഷേപം എത്തുമെന്ന് ഉറപ്പിച്ച് സംരംഭകലോകത്തിന്റെ സവിശേഷ ശ്രദ്ധ നേടിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സബ്മിറ്റിലൂടെ (ഐ.കെ.ജി.എസ്) കേരളം എഴുതിച്ചേർത്തത് വികസന ചരിത്രത്തിലെ പുതു ചിത്രം.

കേരളത്തിൽ വ്യവസായരംഗത്ത് വമ്പൻനിക്ഷേപത്തിനു വഴിതുറന്ന് 'ഇൻവെസ്റ്റ് കേരള' ആഗോള നിക്ഷേപക ഉച്ചകോടിക്കു സമാപനം.

കേരളത്തെ നേട്ടങ്ങളുടെ നെറുകയിലേക്ക് നയിക്കാൻ പോന്ന വമ്പൻ പ്രഖ്യാപനത്തോടെയാണ് 2025 ഫെബ്രുവരി 21, 22 തീയതികളിലായി സംഘടിപ്പിച്ച ദ്വിദിന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം സമാപിച്ചത്. വ്യവസായം ആരംഭിക്കുന്നതിൽ അതിവേഗ ഇടപെടലും തുടർനടപടികളും ഉണ്ടാകുമെന്ന പ്രഖ്യാപനം സംരംഭകർക്ക് ആവേശം പകരുന്നതാണ്.

വികസനസൂചികകളിലെ ഒന്നാംസ്ഥാനങ്ങളും നിക്ഷേപസൗഹൃദ അന്തരീക്ഷവും കേരളത്തെ സംരംഭകലോകത്തിന് പ്രിയപ്പെട്ടതാക്കിയെന്ന് വ്യക്തമാക്കുന്നതായിരുന്നു സമ്മിറ്റിലെ പങ്കാളിത്തം. 22 രാജ്യങ്ങളിൽനിന്ന് ഉൾപ്പെടെ നാലായിരത്തോളം പ്രതിനിധികളാണ് പങ്കെടുത്തത്. കേരളത്തിന്റെ സാധ്യതകളെ തുറന്നുകാട്ടിയ അവതരണങ്ങൾ നടന്ന 30 പ്രത്യേക സെഷനുകളിൽ പ്രതിനിധികളുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായി.

മൂന്നു റൗണ്ട് ടേബിൾ ചർച്ചകൾ നടന്നു. രണ്ടെണ്ണത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നേരിട്ട് പങ്കെടുത്തു. വിവിധ നിക്ഷേപകരുമായി ബഹു. മുഖ്യമന്ത്രി വൺ ടു വൺ കൂടിക്കാഴ്ചകളും നടത്തി. പാർട്ണർ കൺട്രി സെഷനുകൾ, ബിസിനസ് സെഷനുകൾ, പ്രത്യേക കൂടിക്കാഴ്ചകൾ, അവതരണങ്ങൾ എന്നിവക്കൊപ്പം പൊതു സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും അണിനിരത്തുന്ന പ്രദർശനവും ഉണ്ടായിരുന്നു.

കേരളത്തിന്റെ വ്യവസായ മുന്നേറ്റങ്ങളിലൂടെയുള്ള മാറ്റത്തിന്റെ ചുവടുവയ്പ്പായ നിക്ഷേപക ഉച്ചകോടി കൊച്ചി ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 2025 ഫെബ്രുവരി 21 ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കേന്ദ്ര വാണിജ്യ മന്ത്രി ശ്രീ. പീയൂഷ് ഗോയൽ; കേന്ദ്ര നൈപുണ്യ വികസന മന്ത്രി ശ്രീ. ജയന്ത് ചൗധരി; ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്, പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ, യു.എ.ഇ. സാമ്പത്തികകാര്യ മന്ത്രി ശ്രീ. അബ്ദുള്ള ബിൻ തുക് അൽമാരി; ബഹ്റൈൻ വാണിജ്യ വ്യവസായ മന്ത്രി ശ്രീ. അബ്ദുള്ള ബിൻ ആദിൽ ഫഖ്റോ; വിദേശ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർ/കോൺസൽ ജനറൽമാർ, ഔദ്യോഗിക പ്രതിനിധികൾ, വിദേശകാര്യ വക്താക്കൾ തുടങ്ങി വ്യവസായ പ്രമുഖരുമടക്കം സന്നിഹിതരായിരുന്നു. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ശ്രീ. നിതിൻ ഗഡ്കരി ഓൺലൈനായി പങ്കെടുത്തു.

കൊച്ചി ഗ്രാന്റ് ഹയാത്ത് ലുലു ഇന്റർനാഷണൽ കൺവെഷൻ സെന്ററിൽ നടന്ന ഉച്ചകോടിയുടെ സമാപന സമ്മേളനം 2025 ഫെബ്രുവരി 22 ന് ബഹു. ധനകാര്യ മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.



### ആഗോള നിക്ഷേപക ഉച്ചകോടിയിലേക്ക് എത്തിയ നിക്ഷേപങ്ങൾ

- അദാനി ഗ്രൂപ്പ് - ₹30,000 കോടി
- ആസ്റ്റർ ഗ്രൂപ്പ് - ₹850 കോടി
- ഷറഫ് ഗ്രൂപ്പ് - ₹5,000 കോടി
- ലുലു ഗ്രൂപ്പ് - ഐടി - സെക്ടറിൽ നിക്ഷേപം
- ആരോഗ്യ രംഗത്ത് കൃഷ്ണ ഗ്രൂപ്പ് -₹3,000 കോടി
- പോളക്കുളത്ത് നാരായണൻ റിനൈ മെഡിസിറ്റി - ₹500 കോടി
- എൻആർഐ പ്രോജക്ട് മാനേജ്മെൻറ് - ₹5,000 കോടി
- മോണാർക് - ₹5,000 കോടി
- പോളിമേറ്റേഴ്സ് - ₹920 കോടി
- പ്യാരിലാൽ -₹920 കോടി
- എൻ ആർ ജി കോർപ്പറേഷൻ - ₹3600 കോടി
- മലബാർ ഗ്രൂപ്പ് - ₹3,000 കോടി (മൂന്ന് പദ്ധതികൾ)
- Fact - ₹1,500 കോടി
- ഉരാളുങ്കൽ - ₹600 കോടി
- Tofl - ₹5,000 കോടി
- ചെറി ഹോൾഡിങ്സ് - ₹4,000 കോടി
- അഗാപ്പേ - ₹500 കോടി
- Ford - ₹2,500 കോടി
- കൊച്ചുതൊമ്മൻ ഫിലിം സിറ്റി - ₹1,000 കോടി
- രവി പിള്ള ഗ്രൂപ്പ് - ₹2,000 കോടി
- ആൽഫ അവഞ്ചേഴ്സ് - ₹500 കോടി
- ഹൈലൈറ്റ് ഗ്രൂപ്പ് - ₹10,000 കോടി




# ലോകം വിരുന്നു വന്ന രണ്ടു ദിനങ്ങൾ

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ൽ 22 ഓളം രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാർ / കോൺസൽ ജനറൽമാർ, ഔദ്യോഗിക പ്രതിനിധികൾ, വിദേശകാര്യ വക്താക്കൾ തുടങ്ങിയവർ പങ്കെടുത്തു. ഓസ്ട്രേലിയ, ഫ്രാൻസ്, മലേഷ്യ, നോർവേ, വിയറ്റ്നാം തുടങ്ങിയ 5 രാജ്യങ്ങൾ സംസ്ഥാനം ഉറ്റു നോക്കിയ നിക്ഷേപക സംഗമത്തിൽ പങ്കാളികളായി.


കൂടാതെ അൽബേനിയ, ബഹ്റൈൻ, ബംഗ്ലാദേശ്, ജർമ്മനി, ജപ്പാൻ, മൊറോക്കോ, നെതർലാൻഡ്സ്, റിപ്പബ്ലിക് ഓഫ് കൊറിയ, റഷ്യ, സിംഗപ്പൂർ, ശ്രീലങ്ക, ദക്ഷിണാഫ്രിക്ക, തായ്‌വാൻ, താജിക്കിസ്ഥാൻ, തായ്‌ലൻഡ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സിംബാബ്‌വെ എന്നീ രാജ്യങ്ങളും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്തു.

# ഇവിടം സ്വർഗമാണ്
## നിക്ഷേപകരുടെ വാക്കുകൾ

- രാഷ്ട്രീയ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും മാതൃകാപരമായ പിന്തുണയാണ് ഇവിടേക്ക് എത്തുന്ന നിക്ഷേപകർക്ക് ലഭിക്കുന്നത്. ലളിതമായ നിയമങ്ങൾ കൂടുതൽ വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിന് പ്രോത്സാഹനമാണ്.
- അടിസ്ഥാന സൗകര്യവികസനത്തിനും ,പുതിയ സംരംഭകരെ സ്വാഗതം ചെയ്യുന്നതിലും, സ്റ്റാർട്ട് അപ്പ് തുടങ്ങുവാനും സൗഹാർദമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്.
- പ്രഗൽഭരും വിദ്യാസമ്പന്നരുമായ യുവതലമുറ കേരളത്തിന്റെ പ്രത്യേകതയാണ്. അതിവിദഗ്ധരായ നിരവധി ആളുകളെ ഇവിടെ കാണാൻ കഴിയുന്നുണ്ട്.
- അനുകൂലമായ സ്ഥലം, മികച്ച അടിസ്ഥാന സൗകര്യം, കണക്ടിവിറ്റി, പുരോഗമനപരമായ നയങ്ങൾ, എന്നിവയ്ക്കൊപ്പം വൈദഗ്ധ്യമുള്ള യുവ തലമുറയും കേരളത്തിലേക്ക് നിക്ഷേപകരെ പ്രോൽസാഹിപ്പിക്കുന്ന നയമാണ് കേരളത്തിന്റേത്.
- ഇന്നവേറ്റീവ് ഇൻവെസ്റ്റ്മെന്റിന്റെ ഹബ് ആയി കേരളം മാറിയിട്ടുണ്ട്. സുസ്ഥിരമായ ഭാവിയും ദീർഘ കാല വളർച്ചയും ലക്ഷ്യമിടുന്നവർക്ക് മികച്ച സ്ഥലമാണ് കേരളം.
- രാജ്യത്തെ ഏറ്റവും നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇൻഡസ്ട്രിയൽ നയങ്ങളിൽ ഉണ്ടായിരുന്ന പല നിയന്ത്രണങ്ങളും നീക്കിയതും ഗുണകരമായിട്ടുണ്ട്.





# കേരളത്തിൽ നിക്ഷേപത്തിന് താല്പര്യം അറിയിച്ചു വിദേശ മന്ത്രിമാർ



### വിവിധ മേഖലകളിൽ യു.എ.ഇ.ക്ക് താത്പര്യം

**അബ്ദുള്ള ബിൻ തുക് അൽമാരി,** യു.എ.ഇ. സാമ്പത്തികകാര്യ മന്ത്രി

സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, ബഹിരാകാശം തുടങ്ങിയ മേഖലകളിൽ കേരളവുമായി സഹകരിക്കാൻ യു.എ.ഇ.ക്ക് താത്പര്യമുണ്ട്. ടൂറിസത്തിലും ഭക്ഷ്യ സംസ്കരണത്തിലും കേരളത്തിൽ വലിയ നിക്ഷേപ സാധ്യതയാണുള്ളത്. ഇന്ത്യയും യു.എ.ഇ യും തമ്മിലുള്ള ചരിത്രപരമായ സാമ്പത്തിക പങ്കാളിത്തത്തിൽ ശ്രദ്ധേയമായ വളർച്ചയുണ്ടായിട്ടുണ്ട്. യു.എ.ഇ.യുടെ രണ്ടാമത്തെ വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യ. ഇരു രാജ്യങ്ങൾ തമ്മിൽ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറും ഉണ്ട്.



കേരളത്തിലെത്തുന്ന നിക്ഷേപകർക്ക് ചുവപ്പുനാട കുരുക്കിനെപ്പറ്റി ആശങ്കപ്പെടേണ്ടതില്ല. വ്യവസായങ്ങൾക്കായി അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്.

**ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ**

### ഇൻവെസ്റ്റോപിയ 2026-ൽ കൊച്ചിയിൽ

യു.എ.ഇ. സർക്കാർ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റോപിയ ഉച്ചകോടിക്ക് അടുത്തവർഷം കേരളം ആതിഥേയത്വം വഹിക്കും. 2026 ജൂലായിലായിരിക്കും ഉച്ചകോടി. ഇൻവെസ്റ്റ് കേരള നിക്ഷേപക ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ യു.എ.ഇ. സാമ്പത്തിക മന്ത്രി അബ്ദുള്ള ബിൻ തൗക് അൽ മാരിയാണ് ഇൻവെസ്റ്റോപിയ കേരളത്തിൽ നടത്താൻ സന്നദ്ധതയറിയിച്ചത്.



കേരളത്തിൽ വ്യവസായ നടത്തിപ്പിന് തടസമുണ്ടാവില്ല. രേഖകൾ നേടുന്നതിന് കാലതാമസം ഉണ്ടാവില്ല. ഭൂമി തടസമല്ല. കേരളം ഒരു നഗരമാണ്. വിജയിച്ചു നിൽക്കുന്ന പല ബിസിനസുകളും ഓരോ പഞ്ചായത്തുകളിലായാണ്.

**ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്**



### ബഹ്റൈന്റെ മുന്നേറ്റത്തിൽ കേരള സമൂഹത്തിന്റെ സംഭാവന അമൂല്യം

**അബ്ദുള്ള ബിൻ ആദിൽ ഫഖ്റോ,** ബഹ്റൈൻ വാണിജ്യ വ്യവസായ മന്ത്രി

ബഹ്റൈനിലെ കേരള സമൂഹം ഞങ്ങളുടെ സാമ്പത്തിക, സാമൂഹിക മുന്നേറ്റത്തിന് അമൂല്യമായ സംഭാവന നൽകിയിട്ടുണ്ട്. രണ്ട് സമ്പദ് വ്യവസ്ഥകളെ കൂട്ടിയിണക്കുന്ന ഒരു സുപ്രധാന പാലമാണവർ. കേരളം ബഹ്റൈന്റെ സാമ്പത്തിക പങ്കാളിയെന്ന നിലയിൽ വളരെ പ്രധാനപ്പെട്ട ഇടമാണ്. സാമ്പത്തിക സഹകരണത്തിനും നവീകരണത്തിനും മികച്ചൊരു പ്ലാറ്റ്ഫോമാണ് ഇൻവെസ്റ്റ് കേരള. കേരളവുമായുള്ള പങ്കാളിത്തങ്ങൾ വിജയകരമാകുന്നതിലും വളർച്ച കൈവരിക്കാനാകുന്നതിലും അഭിമാനിക്കുന്നു.



വ്യാവസായിക, സാമ്പത്തിക വികസനത്തിലൂടെ 2047-ഓടെ കേരളത്തിന് ഒരു ലക്ഷം കോടി ഡോളറിന്റെ (88 ലക്ഷം കോടി രൂപ) സമ്പദ്ഘടനയാകാൻ കഴിയും.

**ബഹു. ധനകാര്യമന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ**

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.